പത്തനംതിട്ട—ചാലക്കയം റോഡിന്റെ മെയിന്റനൻസ്

888 [1025] ശ്രീ. വി. എസ്. ചന്ദ്രശേഖരൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല സീസൺ ആരംഭിക്കുന്നതിനുമുമ്പായി പത്തനംതിട്ട—ചാലക്കയം റോഡിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് എന്തെങ്കിലും നടപടി ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തു നടപടിയെന്ന് വ്യക്തമാക്കുമോ;

(സി) എത്ര കിലോമീറ്റർ റോഡിന്റെ മെയിന്റനൻസാണ് നടത്താൻ ഉദ്ദേശിക്കുന്നത്;

(ഡി) ഇത് സംബന്ധിച്ച് എന്തു തുക വക കൊള്ളിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പത്തനംതിട്ട—ചാലക്കയം റോഡിന്റെ മണ്ണാരക്കുളഞ്ഞി മുതൽ ചാലക്കയം വരെയുള്ള ഭാഗത്തിന്റെ ഇരുവശങ്ങളിലും $\frac{1}{2}$ മീറ്റർ വീതികൂട്ടി മെറ്റൽചെയ്തു ടാറിടുന്നതിനുള്ള പണി ടെണ്ടർ ചെയ്തിട്ടുണ്ട്. ലഭിച്ച ടെണ്ടറുകൾ പരിശോധനയിലാണ്. ശേഷിച്ച 10 കി. മീ. റോഡിന്റെ പണിക്ക് ടെണ്ടർ ക്ഷണിച്ചിട്ടും പണി ഏറ്റെടുക്കാൻ കരാറുകാരാരും മുമ്പോട്ടുവരാത്തതുകൊണ്ട് വീണ്ടും ടെണ്ടർ ചെയ്തിരിക്കുകയാണ്. പത്തനംതിട്ട—ചാലക്കയം റോഡിന്റെ മുഴുവൻ ഭാഗത്തിന്റെയും വാർഷിക അറ്റകുറ്റപ്പണികൾ നടത്തുന്ന പണി താമസം കൂടാതെ ടെണ്ടർ ചെയ്യാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) 53.48 കി. മീറ്റർ റോഡിന്റെ മെയിന്റനൻസാണ് നടത്താൻ ഉദ്ദേശിക്കുന്നത്.

(ഡി) പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ വരുന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിലേക്കായി നീക്കിവച്ചിട്ടുള്ള തുകയിൽ നിന്നും ഈ പണിക്കാവശ്യമായ തുക കണ്ടെത്തുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ഈ പണിക്കായി പ്രത്യേകിച്ച് തുകയൊന്നും വക കൊള്ളിച്ചിട്ടില്ല.

മുടക്കി പാലത്തിന്റെ അപ്രോച്ച് റോഡിന്റെ റീ ടെണ്ടർ

889 [1039] ശ്രീ. ബെന്നി ബഹനാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാമമംഗലം—പിറവം പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന മുടക്കി പാലത്തിന്റെ അപ്രോച്ച് റോഡിന്റെ റീ ടെണ്ടർ നടന്നെങ്കിലും പണി ആരംഭിച്ചിട്ടില്ലെന്ന് ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ പണി എത്രയും വേഗം ആരംഭിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly